248

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# സാങ്കേതികവിദ്യ വികസന ബോർഡ് ആക്റ്റ്, 1995

## (1995-ലെ 44-ാം നമ്പർ ആക്റ്റ്)

(2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE TECHNOLOGY DEVELOPMENT BOARD ACT, 1995

## (ACT NO. 44 OF 1995)

(As on 26th September, 2002)

വില: രൂപ 18.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം
ഗവ: സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് 2006

## ആമുഖം

2002 സെപ്റ്റംബർ 26-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള സാങ്കേതിക വിദ്യ വികസന ബോർഡ് ആക്റ്റ്, 1995 (1995-ലെ 44-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ജൂലായ് 7-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 2-ാം വാല്യം 1-ാം നമ്പരായി 35 മുതൽ 42 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ഈ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായി തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This Edition of the Technology Development Board Act, 1995 (Act No. 44 of 1995) as on 26th September, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. 2, No. 1 dated 7th July, 2003 on pages 35 to 42.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,

*Secretary to the Government of India.*

3/2381/2006/DTP

## സാങ്കേതികവിദ്യ വികസന ബോർഡ് ആക്റ്റ്, 1995

## (1995-ലെ 44-ാം നമ്പർ ആക്റ്റ്)

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും | 1 |
| 2. | നിർവചനങ്ങൾ | 1 |


### അദ്ധ്യായം II

### സാങ്കേതികവിദ്യ വികസന ബോർഡ്


| | | |
|---|---|---|
| 3. | ബോർഡിന്റെ രൂപീകരണവും ഏകാംഗീകരണവും | 1 |
| 4. | ബോർഡിന്റെ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥൻമാരും ജീവനക്കാരും | 2 |
| 5. | ബോർഡിന്റെ സമിതികൾ | 3 |
| 6. | ബോർഡിന്റെ ചുമതലകൾ | 3 |


### അദ്ധ്യായം III

### സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ


| | | |
|---|---|---|
| 7. | സാമ്പത്തിക സഹായം മുതലായവ അനുവദിക്കുന്നതിനുള്ള അപേക്ഷ | 3 |


### അദ്ധ്യായം IV

### ധനകാര്യ അക്കൗണ്ടുകളും ആഡിറ്റും


| | | |
|---|---|---|
| 8. | കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായധനങ്ങളും വായ്പകളും | 3 |
| 9. | സാങ്കേതികവിദ്യയുടെ വികസനത്തിനും വിനിയോഗത്തിനും വേണ്ടിയുള്ള നിധി | 3 |
| 10. | സ്വീകരിച്ച തുകയും ബാധ്യതകളും കൈമാറ്റം ചെയ്യൽ | 4 |
| 11. | ബജറ്റ് | 4 |
| 12. | വാർഷിക റിപ്പോർട്ട് | 4 |
| 13. | അക്കൗണ്ടുകളും ആഡിറ്റും | 4 |
| 14. | വാർഷിക റിപ്പോർട്ടും ആഡിറ്ററുടെ റിപ്പോർട്ടും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് | 5 |


### അദ്ധ്യായം V

### പലവക


| | | |
|---|---|---|
| 15. | റിട്ടേണുകൾ ബോർഡിന് നൽകണമെന്ന് | 5 |
| 16. | നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അധികാരങ്ങൾ | 5 |
| 17. | ബോർഡിനെ അതിലംഘിക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം | 5 |
| 18. | പ്രത്യായോജനം | 6 |
| 19. | ബോർഡിന്റെ അംഗങ്ങളും ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പബ്ലിക് സർവ്വന്റുമാരായിരിക്കുമെന്ന് | 6 |
| 20. | ഉത്തമവിശ്വാസത്തോടുകൂടി എടുത്ത നടപടിക്ക് സംരക്ഷണം | 6 |
| 21. | ചട്ടങ്ങൾ ഉണ്ടാക്കുവാൻ കേന്ദ്രസർക്കാരിനുള്ള അധികാരം | 6 |
| 22. | റഗുലേഷനുകൾ ഉണ്ടാക്കുന്നതിന് ബോർഡിനുള്ള അധികാരം | 7 |
| 23. | ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് | 7 |

# സാങ്കേതികവിദ്യ വികസന ബോർഡ് ആക്റ്റ്, 1995

## (1995-ലെ 44-ാം നമ്പർ ആക്റ്റ്)

[1995 ഡിസംബർ 16]

സ്വദേശ സാങ്കേതികവിദ്യയുടെ വികസനത്തിനും വാണിജ്യപരമായ വിനിയോഗത്തിനും അല്ലെങ്കിൽ ഇറക്കുമതി ചെയ്യപ്പെട്ട സാങ്കേതികവിദ്യ വിപുലമായ സ്വദേശ ഉപയോഗങ്ങൾക്ക് അനുരൂപപ്പെടുത്തുകയും ചെയ്യുന്നതിന് ശ്രമിക്കുന്ന വ്യാവസായിക സ്ഥാപനങ്ങൾക്കും മറ്റ് ഏജൻസികൾക്കും ഇക്വിറ്റി മൂലധനമോ മറ്റേതെങ്കിലും സാമ്പത്തിക സഹായമോ നൽകുന്നതിനും ഒരു ബോർഡ് രൂപീകരിക്കുന്നതിനും വേണ്ടിയും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ സംഗതികൾക്കും വേണ്ടിയും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ളിക്കിന്റെ നാൽപ്പത്തി ആറാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

അദ്ധ്യായം I

## പ്രാരംഭികം

1. *ചുരുക്കപ്പേരും പ്രാരംഭവും.*—(1) ഈ ആക്റ്റിന് സാങ്കേതികവിദ്യ വികസന ബോർഡ് ആക്റ്റ്, 1995 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത്, കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. *നിർവചനങ്ങൾ.*—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ബോർഡ്" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ച സാങ്കേതിക വിദ്യ വികസന ബോർഡ് എന്നർത്ഥമാകുന്നു;

(ഖ) "ചെയർപേഴ്സൺ" എന്നാൽ ബോർഡിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഗ) "നിധി" എന്നാൽ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ച സാങ്കേതിക വിദ്യ വികസനത്തിനും വിനിയോഗത്തിനും വേണ്ടിയുള്ള നിധി എന്നർത്ഥമാകുന്നു;

(ഘ) "അംഗം" എന്നാൽ ബോർഡിന്റെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ങ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ച) "സെക്രട്ടറി" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിച്ച ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(ഛ) ഇതിൽ പ്രയോഗിച്ചിട്ടുള്ളതും നിർവചിച്ചിട്ടില്ലാത്തതും എന്നാൽ ഗവേഷണവും വികസനവും സെസ്സ് ആക്റ്റ്, 1986 (1986-ലെ 32)-ൽ നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്റ്റിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

അദ്ധ്യായം II

## സാങ്കേതികവിദ്യ വികസന ബോർഡ്

3. ***ബോർഡിന്റെ രൂപീകരണവും ഏകാംഗീകരണവും.***—(1) കേന്ദ്രസർക്കാർ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, സാങ്കേതികവിദ്യ വികസന ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ബോർഡ് മേൽപ്പറഞ്ഞ പേരിൽ ശാശ്വത പിൻതുടർച്ചയും ഒരു പൊതുമുദ്രയും ഉള്ള ഒരു ഏകാംഗീകൃതനികായമായിരിക്കുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കുവിധേയമായി കരാറിൽ ഏർപ്പെടുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കേണ്ടതും വ്യവഹരിക്കപ്പെടേണ്ടതുമാകുന്നു.

(3) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കുന്നതാണ്, അതായത്:—

(ക) കേന്ദ്രസർക്കാരിന്റെ ശാസ്ത്രവും സാങ്കേതികവിദ്യയും കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെ അല്ലെങ്കിൽ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഭാരതസർക്കാരിന്റെ സെക്രട്ടറി, എക്സ് ഒഫിഷ്യോ, ചെയർപേഴ്സൺ ;

(ഖ) കേന്ദ്രസർക്കാരിന്റെ ശാസ്ത്രീയവും വ്യാവസായികവുമായ ഗവേഷണം കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെ അല്ലെങ്കിൽ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഭാരതസർക്കാരിന്റെ സെക്രട്ടറി, എക്സ് ഒഫിഷ്യോ ;

(ഗ) കേന്ദ്രസർക്കാരിന്റെ ധനകാര്യം (എക്സ്പെൻഡിച്ചർ) കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെ അല്ലെങ്കിൽ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഭാരതസർക്കാരിന്റെ സെക്രട്ടറി, എക്സ് ഒഫിഷ്യോ ;

(ഘ) കേന്ദ്രസർക്കാരിന്റെ പ്രതിരോധഗവേഷണവും വികസനവും കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെ അല്ലെങ്കിൽ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഭാരതസർക്കാരിന്റെ സെക്രട്ടറി, എക്സ് ഒഫിഷ്യോ ;

(ങ) കേന്ദ്രസർക്കാരിന്റെ വ്യാവസായിക വികസനം കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെ അല്ലെങ്കിൽ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഭാരതസർക്കാരിന്റെ സെക്രട്ടറി, എക്സ് ഒഫിഷ്യോ ;

(ച) കേന്ദ്രസർക്കാരിന്റെ ഗ്രാമവികസനം കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെ അല്ലെങ്കിൽ വകുപ്പിന്റെ ചുമതല വഹിക്കുന്ന ഭാരതസർക്കാരിന്റെ സെക്രട്ടറി, എക്സ് ഒഫിഷ്യോ ;

(ഛ) സാങ്കേതികവിദ്യാ വികസനവും വിനിയോഗവും, ബാങ്കിംഗും ധനകാര്യവും വ്യവസായം കൃഷിയും ഗ്രാമവികസനവും എന്നിവയിൽ പരിചയമുള്ള ആളുകളിൽനിന്നും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കേന്ദ്രസർക്കാർ നിയമിക്കുന്ന നാലിൽ കവിയാത്ത അത്രയും എണ്ണം ആളുകൾ, എക്സ് ഒഫിഷ്യോ ;

(ജ) ബോർഡിന്റെ സെക്രട്ടറി, എക്സ് ഒഫിഷ്യോ.

(4) (3)-ാം ഉപവകുപ്പ് (ഛ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും മറ്റ് സേവനവ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്നപ്രകാരമായിരിക്കുന്നതാണ്.

(5) ചെയർപേഴ്സൺ, ബോർഡിന്റെ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനുപുറമേ, ബോർഡ് അദ്ദേഹത്തിന് പ്രത്യായോജനം ചെയ്യുന്ന ബോർഡിന്റെ അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങളും കർത്തവ്യങ്ങളും പ്രയോഗിക്കുകയും നിർവഹിക്കുകയും ചെയ്യേണ്ടതാണ്.

(6) ബോർഡിന്റെ ഒരു പ്രവൃത്തി അല്ലെങ്കിൽ നടപടി,—

(ക) ബോർഡിലുള്ള ഏതെങ്കിലും ഒഴിവ് അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിലുള്ള ഏതെങ്കിലും അപാകത;

(ഖ) ബോർഡിൽ ഒരു അംഗമായി പ്രവർത്തിക്കുന്ന ഒരാളിന്റെ നിയമനത്തിൽ ഉണ്ടായിട്ടുള്ള അപാകത;

(ഗ) കേസിന്റെ ഗുണത്തെ ബാധിക്കാത്തവിധം ബോർഡിന്റെ നടപടിക്രമത്തിലുള്ള ഏതെങ്കിലും ക്രമക്കേട്,

എന്നീ കാരണങ്ങളാൽ മാത്രം അസാധുവാക്കാൻ പാടില്ലാത്തതാകുന്നു.

4. ***ബോർഡിന്റെ സെക്രട്ടറിയും മറ്റു ഉദ്യോഗസ്ഥൻമാരും ജീവനക്കാരും.***—(1) ബോർഡിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് സെക്രട്ടറിയെയും അത് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) ബോർഡിന്റെ സെക്രട്ടറിയുടെയും മറ്റു ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകളും ഉപാധികളും റഗുലേഷനുകൾ വഴി തീരുമാനിക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

5. ***ബോർഡിന്റെ സമിതികൾ.***—(1) ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേമായി ബോർഡിന് ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിറവേറ്റുന്നതിനും കർത്തവ്യങ്ങൾ കാര്യക്ഷമമായി നിർവഹിക്കുന്നതിനും ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള സമിതികളെ നിയമിക്കാവുന്നതാണ്.

(2) ബോർഡിന് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഏതെങ്കിലും സമിതിയിലേക്ക്, അതിന് യുക്തമെന്ന് തോന്നുന്ന, ബോർഡിന്റെ അംഗങ്ങളല്ലാത്ത, അത്രയും എണ്ണം ആളുകളെ, അംഗങ്ങളായി സഹകരിപ്പിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതും അപ്രകാരം സഹകരിപ്പിച്ച ആളിന് സമിതിയുടെ യോഗങ്ങളിൽ ഹാജരാകുന്നതിനും സമിതി നടപടികളിൽ പങ്കെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതും എന്നാൽ വോട്ടു ചെയ്യുന്നതിനുള്ള അവകാശം ഇല്ലാതിരിക്കുന്നതുമാണ്.

6. ***ബോർഡിന്റെ ചുമതലകൾ.***—ബോർഡ്—

(ക) റഗുലേഷനുകളാൽ നിശ്ചയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി, സ്വദേശീയ സാങ്കേതിക വിദ്യയുടെ വാണിജ്യപരമായ ഉപയോഗത്തിന് അഥവാ ഇറക്കുമതി ചെയ്യപ്പെട്ട സാങ്കേതികവിദ്യ വിപുലമായി സ്വദേശീയ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് ശ്രമിക്കുന്ന വ്യാവസായിക സ്ഥാപനങ്ങൾക്കും മറ്റ് ഏജൻസികൾക്കും ഇക്വിറ്റി മൂലധനമോ മറ്റേതെങ്കിലും സാമ്പത്തിക സഹായമോ നൽകുകയും;

(ഖ) സ്വദേശ സാങ്കേതികവിദ്യയുടെ വികസനത്തിൽ അല്ലെങ്കിൽ ഇറക്കുമതി ചെയ്യപ്പെട്ട സാങ്കേതികവിദ്യ വാണിജ്യപരമായ ഉപയോഗത്തിന് അനുരൂപപ്പെടുത്തുന്നതിൽ ഏർപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ അംഗീകരിക്കാവുന്ന, അങ്ങനെയുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും;

(ഗ) കേന്ദ്രസർക്കാർ അതിനെ ചുമതലപ്പെടുത്താവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവഹിക്കുകയും,

ചെയ്യാവുന്നതാണ്.

അദ്ധ്യായം III

## സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ

7. ***സാമ്പത്തിക സഹായം മുതലായവ അനുവദിക്കുന്നതിനുള്ള അപേക്ഷ.***—(1) 6-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ബോർഡിന് നൽകേണ്ടതാണ്.

(2) ബോർഡിന്, അപേക്ഷ പരിശോധിച്ചതിനുശേഷവും അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തിയതിനുശേഷവും രേഖാമൂലമുള്ള ഉത്തരവുപ്രകാരം സാമ്പത്തിക സഹായം അനുവദിക്കുകയോ ആയതു നിരസിക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ അപേക്ഷകന്, കേൾക്കപ്പെടുവാനുള്ള ഒരവസരം നൽകിയിട്ടല്ലാതെ, ഒരു സഹായധനവും നിരസിക്കുവാൻ പാടുള്ളതല്ല.

അദ്ധ്യായം IV

## ധനകാര്യം, അക്കൗണ്ടുകളും ആഡിറ്റും

8. ***കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായധനങ്ങളും വായ്പകളും.***—കേന്ദ്രസർക്കാർ, ഇതിലേക്ക്, പാർലമെന്റ് ശരിയായ ധനവിനിയോഗം നിയമംവഴി നടത്തിയതിനുശേഷം, ആ സർക്കാർ ആവശ്യമെന്നു കരുതാവുന്ന അങ്ങനെയുള്ള തുക ബോർഡിന് സഹായധനങ്ങളായും വായ്പകളായും നൽകാവുന്നതാണ്.

9. ***സാങ്കേതികവിദ്യയുടെ വികസനത്തിനും വിനിയോഗത്തിനും വേണ്ടിയുള്ള നിധി.***—(1) സാങ്കേതികവിദ്യയുടെ വികസനത്തിനും വിനിയോഗത്തിനും വേണ്ടിയുള്ള നിധി എന്ന പേർ പറയാവുന്ന ഒരു നിധി രൂപീകരിക്കേണ്ടതും, ആ നിധിയിലേക്ക്—

(ക) 8-ാം വകുപ്പു പ്രകാരം കേന്ദ്രസർക്കാർ ബോർഡിന് നൽകുന്ന ഏതെങ്കിലും സഹായധനങ്ങളും വായ്പകളും;

(ഖ) മറ്റേതെങ്കിലും സ്രോതസ്സുകളിൽനിന്നും ബോർഡ് സ്വീകരിക്കുന്ന എല്ലാ തുകകളും;

(ഗ) നിധിയിൽനിന്നും അനുവദിച്ച തുകകളിൽനിന്നും നടത്തിയ വസൂലാക്കലുകളും;

(ഘ) നിധിതുകയിലെ നിധിയിലെ തുക മുതൽമുടക്കിയതിൽ നിന്നുമുള്ള ഏതെങ്കിലും ആദായവും,

നിക്ഷേപിക്കേണ്ടതുമാണ്.

(2) നിധി—

(ക) ഈ ആക്റ്റിനാൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്ദേശ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടിയുള്ള ചെലവുകളും,;

(ഖ) ബോർഡിന്റെ ഉദ്യോഗസ്ഥൻമാരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റു ചെലവുകളും;

(ഗ) ബോർഡിന് ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിനുള്ള ചെലവുകളും,

വഹിക്കുന്നതിന് ഉപയോഗിക്കേണ്ടതാണ്.

10. *സ്വീകരിച്ച തുകയും ബാധ്യതകളും കൈമാറ്റം ചെയ്യൽ.*—ഈ ആക്റ്റിന്റെ പ്രാരംഭത്തോടും അന്നുമുതൽക്കും,—

(ക) ഭാരത വ്യവസായ വികസന ബാങ്ക് ആക്റ്റ്, 1964 (1964-ലെ 18)-ലെ 14-ാം വകുപ്പു പ്രകാരം വികസന ബാങ്ക് സ്ഥാപിച്ചിട്ടുള്ള വികസന സഹായ നിധിയുടെ ഭാഗമായ 1986-ലെ ഗവേഷണവും വികസനവും സെസ്സ് ആക്റ്റ്, 1986 (1986-ലെ 32)-ലെ 5-ാം വകുപ്പുപ്രകാരം ഉണ്ടാക്കിയിട്ടുള്ള സംരംഭ മൂലധനനിധിയിൽ വരവുവച്ചിട്ടുള്ളതുമായ തുകകൾ ബോർഡിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്;

(ഖ) അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് വികസന ബാങ്കിനു ലഭിക്കേണ്ടതായ എല്ലാ തുകകളും ബോർഡിന് ലഭിക്കാനുള്ളതായി കരുതേണ്ടതാണ്;

(ഗ) അങ്ങനെയുള്ള ആരംഭത്തിന് തൊട്ടുമുമ്പ് സംരംഭമൂലധനനിധിയുടെ ആവശ്യങ്ങൾക്ക് വേണ്ടിയോ ആവശ്യങ്ങളുമായി ബന്ധപ്പെട്ടോ വികസന ബാങ്കിനാലോ ബാങ്കുമായി ബന്ധപ്പെട്ടോ അതിനുവേണ്ടിയോ വരുത്തിയിട്ടുള്ള എല്ലാ കടങ്ങളും, ബാദ്ധ്യതകളും ഉത്തരവാദിത്വവും ഏർപ്പെട്ടിട്ടുള്ള എല്ലാ കരാറുകളും അല്ലെങ്കിൽ ഉടമ്പടികളും ചെയ്യണമെന്ന് ഉറപ്പുകൊടുത്തിട്ടുള്ള എല്ലാ സംഗതികളും കാര്യങ്ങളും ബോർഡോ, ബോർഡുമായിട്ടോ ബോർഡിനു വേണ്ടിയോ വരുത്തിയിട്ടുള്ളതോ ഏർപ്പെട്ടിട്ടുള്ളതോ ചെയ്യാമെന്ന് ഉറപ്പുനൽകിയിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതാണ്;

(ഘ) അങ്ങനെയുള്ള ആരംഭത്തിന് തൊട്ടുമുമ്പ് വികസനബാങ്കോ അതിനെതിരെയോ ബോധിപ്പിച്ചിട്ടുള്ളതോ ബോധിപ്പിക്കാമായിരുന്നതോ ആയ എല്ലാ വ്യവഹാരങ്ങളും, മറ്റു നിയമ നടപടികളും, ബോർഡിന് തുടരാവുന്നതോ അതിനെതിരായി തുടരാവുന്നതോ ബോധിപ്പിക്കാവുന്നതോ ആകുന്നു.

11. *ബജറ്റ്.*—ബോർഡ്, ഓരോ സാമ്പത്തിക വർഷത്തിലും നിർണ്ണയിക്കപ്പെടാവുന്നപ്രകാരം അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും ബോർഡിന്റെ അടുത്ത സാമ്പത്തിക വർഷത്തേക്ക് കണക്കാക്കപ്പെട്ടിട്ടുള്ള വരവുകളും ചെലവും കാണിച്ചുകൊണ്ടുള്ള അതിന്റെ ബജറ്റ് തയ്യാറാക്കേണ്ടതും ആയതു കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

12. *വാർഷിക റിപ്പോർട്ട്.*—ബോർഡ്, ഓരോ സാമ്പത്തിക വർഷത്തിലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും ബോർഡ് അതിന്റെ മുൻസാമ്പത്തിക വർഷത്തിലെ മുഴുവൻ പ്രവർത്തനങ്ങളുടെയും വിവരണം ഉൾപ്പെടുന്ന അതിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

13. *അക്കൗണ്ടുകളും ആഡിറ്റും.*—(1). ബോർഡ്, ശരിയായ അക്കൗണ്ടുകളും മറ്റ് പ്രസക്തരേഖകളും സൂക്ഷിക്കേണ്ടതും ഭാരതത്തിന്റെ കംപ്ട്രോളർ ആൻറ് ആഡിറ്റർ-ജനറലുമായി ആലോചിച്ച് കേന്ദ്ര സർക്കാർ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിൽ അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറലിന് അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം ബോർഡിന്റെ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന മറ്റേതെങ്കിലും ആളിന്, സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് കംപ്ട്രോളർ ആൻറ് ആഡിറ്റർ-ജനറലിന് ഉള്ള അതേ അവകാശങ്ങളും വിശേഷ അധികാരങ്ങളും, അധികാരവും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ച് ഈ ആക്റ്റ് പ്രകാരം, ബോർഡിന്റെ ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റു പ്രമാണങ്ങളും പേപ്പറുകളും ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും ഏത് ആഫീസുകൾ പരിശോധിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതുമാണ്.

(3) ബോർഡിന്റെ അക്കൗണ്ടുകൾ ഭാരതത്തിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ-ജനറൽ വർഷംതോറും ആഡിറ്റു ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവ് ബോർഡ് ഭാരതത്തിന്റെ കംപ്ട്രോളർ അൻറ് ആഡിറ്റർ-ജനറലിന് നൽകേണ്ടതുമാണ്.

(4) ബോർഡ്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തീയതിക്കുമുമ്പ് കേന്ദ്രസർക്കാരിന് അതിന്റെ ആഡിറ്റുചെയ്ത അക്കൗണ്ടിന്റെ പകർപ്പ് ആഡിറ്ററുടെ റിപ്പോർട്ട് സഹിതം നൽകേണ്ടതാണ്.

**14.** ***വാർഷിക റിപ്പോർട്ടും ആഡിറ്ററുടെ റിപ്പോർട്ടും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.***—കേന്ദ്ര സർക്കാർ വാർഷിക റിപ്പോർട്ടും ആഡിറ്ററുടെ റിപ്പോർട്ടും, അവ ലഭിച്ചതിനുശേഷം ആകുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

## അദ്ധ്യായം V

## പലവക

**15.** ***റിട്ടേണുകൾ ബോർഡിന് നൽകണമെന്ന്.***—(1) ബോർഡിൽനിന്നും സാമ്പത്തിക സഹായം സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായ സംരംഭമോ ഒരു സ്ഥാപനമോ റഗുലേഷനുകളാൽ നിശ്ചയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും ബോർഡിന് റിട്ടേണുകൾ നൽകേണ്ടതാണ്.

(2) ബോർഡിന് (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വ്യവസായ സംരംഭമോ സ്ഥാപനമോ ഏതു സമയത്തും സന്ദർശിച്ച് ഈ വകുപ്പ് അനുസരിച്ച് നൽകപ്പെട്ട ഏതെങ്കിലും റിട്ടേണിന്റെ കൃത്യത പരിശോധിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താവുന്നതാണ്.

**16.** ***നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അധികാരങ്ങൾ.***—(1) ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ബോർഡ് ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുന്നതിനോ കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നയപരമായ പ്രശ്നങ്ങളിൻമേൽ രേഖാമൂലം നൽകാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ പ്രകാരമായിരിക്കുന്നതാണ്:

എന്നാൽ ബോർഡിന് ഈ ഉപവകുപ്പുപ്രകാരം ഏതെങ്കിലും നിർദ്ദേശം നൽകുന്നതിന് മുമ്പ്, പ്രായോഗികമാകാവുന്നിടത്തോളം അതിന്റെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള ഒരു അവസരം നൽകേണ്ടതാണ്.

(2) ഒരു പ്രശ്നം അത് നയപരമോ അല്ലയോ എന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

**17.** ***ബോർഡിനെ അതിലംഘിക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.***—(1) ഏതെങ്കിലും സമയത്ത് കേന്ദ്രസർക്കാരിന് തോന്നുന്ന പക്ഷം—

(ക) ഗുരുതരമായ അടിയന്തിര കാരണങ്ങളാൽ, ബോർഡിന് ഈ ആക്റ്റിലെ വ്യവസ്ഥകളാലോ അല്ലെങ്കിൽ അതിൻ കീഴിലെ വ്യവസ്ഥകൾ പ്രകാരമോ ഏൽപ്പിച്ചിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുവാൻ കഴിയാതെ വരുന്നു എന്ന്; അല്ലെങ്കിൽ

(ഖ) ഈ ആക്റ്റ് പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശം പാലിക്കുന്നതിൽ അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകളാലോ വ്യവസ്ഥകൾ പ്രകാരമോ അതിൻമേൽ ചുമത്തിയിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുന്നതിൽ തുടരെത്തുടരെ വീഴ്ച വരുത്തുകയും അങ്ങനെയുള്ള വീഴ്ചയുടെ ഹേതുവായി ബോർഡിന്റെ സാമ്പത്തിക സ്ഥിതിയോ ബോർഡിന്റെ ഭരണമോ തകരാറിലാകുന്നു എന്ന്; അല്ലെങ്കിൽ

(ഗ) പൊതുതാൽപ്പര്യം അനുസരിച്ച് അപ്രകാരം ചെയ്യേണ്ടത് ആവശ്യപ്പെടുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നു എന്ന് അഭിപ്രായമുള്ളപക്ഷം, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന പ്രകാരം ആറു മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക് ബോർഡിനെ നീക്കം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം ബോർഡിനെ അതിലംഘിച്ചുകൊണ്ട് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിൻമേൽ,—

(ക) എല്ലാ അംഗങ്ങളും അതിലംഘന തീയതി മുതൽ അവരുടെ ഓദ്യോഗിക സ്ഥാനങ്ങൾ അങ്ങനെ തന്നെ വിട്ടൊഴിയേണ്ടതും;

(ഖ) (3)-ാം ഉപവകുപ്പുപ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുന്നതുവരെ, ഈ ആക്റ്റിലെ വ്യവസ്ഥകളാലോ വ്യവസ്ഥകൾ പ്രകാരമോ ബോർഡോ ബോർഡിനുവേണ്ടിയോ വിനിയോഗിക്കുകയോ നിർവഹിക്കുകയോ ചെയ്യേണ്ട എല്ലാ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും കേന്ദ്ര സർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ആളോ ആളുകളോ പ്രായോഗിക്കുകയോ നിർവഹിക്കുകയോ ചെയ്യേണ്ടതും;

(ഗ) (3)-ാം ഉപവകുപ്പുപ്രകാരം ബോർഡ് പുനർരൂപീകരിക്കപ്പെടുന്നതുവരെ ബോർഡിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതായ എല്ലാ സ്വത്തുക്കളും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും, ആണ്.

(3) (1)-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള നീക്കം ചെയ്യലിന്റെ കാലാവധി അവസാനിക്കുമ്പോൾ കേന്ദ്രസർക്കാരിന്റെ ഒരു പുതിയ നിയമനം വഴി ബോർഡ് പുനഃസംഘടിപ്പിക്കാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ (2)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം ഔദ്യോഗികസ്ഥാനങ്ങൾ ഒഴിഞ്ഞിട്ടുള്ള ഏതെങ്കിലും ആളോ ആളുകളോ നിയമനത്തിന് അയോഗ്യരാണെന്ന് കണക്കാക്കപ്പെടുവാൻ പാടില്ലാത്തതും ആകുന്നു:

എന്നാൽ കേന്ദ്രസർക്കാരിന് അതിലംഘനത്തിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ഏതു സമയത്തും ഈ വകുപ്പുപ്രകാരം നടപടി എടുക്കാവുന്നതാണ്.

(4) കേന്ദ്രസർക്കാർ, (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തെയും ഈ വകുപ്പുപ്രകാരം എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയെയും അങ്ങനെയുള്ള നടപടി എടുക്കാനുണ്ടായ സാഹചര്യങ്ങളെയും കുറിച്ചുള്ള ഒരു പൂർണ്ണ റിപ്പോർട്ട് പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ കഴിയുന്നതും വേഗം വയ്പിക്കേണ്ടതാണ്.

18. *പ്രത്യായോജനം.*—ബോർഡിന്, പൊതുവായതോ പ്രത്യേകിച്ചുള്ളതോ ആയ രേഖാമൂലമുള്ള ഉത്തരവുപ്രകാരം, ചെയർപേഴ്സണോ മറ്റേതെങ്കിലും അംഗത്തിനോ ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന, അങ്ങനെയുള്ള നിബന്ധനകൾക്കും പരിമിതികൾക്കും, ഏതെങ്കിലും ഉണ്ടെങ്കിൽ വിധേയമായി, അതിനുയുക്തമെന്നു തോന്നുന്ന, ഈ ആക്റ്റിലെ അങ്ങനെയുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും (22-ാം വകുപ്പിൻകീഴിലെ അധികാരങ്ങൾ ഒഴികെ) പ്രത്യായോജനം ചെയ്യാവുന്നതാണ്.

19. ***ബോർഡിന്റെ അംഗങ്ങളും ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പബ്ലിക് സർവ്വന്റുമാരായിരിക്കുമെന്ന്.***—ബോർഡിന്റെ എല്ലാ അംഗങ്ങളും, ഉദ്യോഗസ്ഥൻമാരും മറ്റു ജീവനക്കാരും ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിക്കുമ്പോഴും പ്രവർത്തിക്കാൻ ഉദ്ദേശിക്കുമ്പോഴും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) 21-ാം വകുപ്പിന്റെ അർത്ഥത്തിൽ വരുന്ന പബ്ലിക് സർവ്വന്റുമാരായി കരുതപ്പെടേണ്ടതാണ്.

20. ***ഉത്തമവിശ്വാസത്തോടുകൂടി എടുത്ത നടപടിക്ക് സംരക്ഷണം.***—ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ റഗുലേഷനുകളോ പ്രകാരമോ സർക്കാർ, ബോർഡോ അല്ലെങ്കിൽ അത് നിയമിച്ചിട്ടുള്ള ഏതെങ്കിലും സമിതി അല്ലെങ്കിൽ ബോർഡിലെ ഏതെങ്കിലും അംഗം അല്ലെങ്കിൽ അങ്ങനെയുള്ള സമിതി അല്ലെങ്കിൽ സർക്കാരിന്റെയോ ബോർഡിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ അല്ലെങ്കിൽ സർക്കാരോ ബോർഡോ അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ആളോ ഉത്തമവിശ്വാസത്തോടുകൂടി നടത്തിയതോ നടത്താൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തിൻമേൽ യാതൊരു പ്രോസിക്യൂഷനോ മറ്റുനിയമനടപടിയോ നിലനിൽക്കുന്നതല്ല.

21. ***ചട്ടങ്ങൾ ഉണ്ടാക്കുവാൻ കേന്ദ്രസർക്കാരിനുള്ള അധികാരം.***—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:

(ക) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ഛ) ഖണ്ഡപ്രകാരമുള്ള ബോർഡിന്റെ അംഗങ്ങളുടെ എണ്ണം;

(ഖ) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ബോർഡിന്റെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും മറ്റു സേവന വ്യവസ്ഥകളും;

(ഗ) 3-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ചെയർപേഴ്സന്റെ അധികാരങ്ങളും ചുമതലകളും;

(ഘ) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം കമ്മിറ്റികളുടെ രൂപീകരണം;

(ങ) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള അപേക്ഷയുടെ ഫാറം;

(ച) ബോർഡ്, 11-ാം വകുപ്പുപ്രകാരമുള്ള അതിന്റെ ബജറ്റും 12-ാം വകുപ്പുപ്രകാരമുള്ള അതിന്റെ വാർഷിക റിപ്പോർട്ടും ഏതു ഫാറത്തിലും ഏതു സമയത്തും തയ്യാറാക്കണമെന്നത് സംബന്ധിച്ചും;

(ഛ) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള വാർഷിക കണക്കുവിവരപ്പട്ടികയുടെ ഫാറവും ആ വകുപ്പിന്റെ (4)-ാം ഉപവകുപ്പുപ്രകാരം കേന്ദ്രസർക്കാരിന് ആഡിറ്റ് ചെയ്ത അക്കൗണ്ടിന്റെ പകർപ്പും ഏത് തീയതിക്കുമുമ്പ് നൽകണമെന്നും;

(ജ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ, നിർണ്ണയിക്കാവുന്നതോ അല്ലെങ്കിൽ അതു സംബന്ധിച്ച് ചട്ടങ്ങൾമൂലം വ്യവസ്ഥ ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

22. ***റഗുലേഷനുകൾ ഉണ്ടാക്കുന്നതിന് ബോർഡിനുള്ള അധികാരം.***—(1) ബോർഡിന്, കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ വ്യവസ്ഥകളുടെ പൊതുവായ നടത്തിപ്പിന് ഈ ആക്റ്റിനും ചട്ടങ്ങൾക്കും സംഗതമായിട്ടുള്ള റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലും, അങ്ങനെയുള്ള റഗുലേഷനുകളിൽ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ബോർഡിന്റെ സെക്രട്ടറിയുടെയും മറ്റ് ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും സേവന നിബന്ധനകളും ഉപാധികളും;

(ഖ) ബോർഡ്, ഏത് ഉപാധികൾക്ക് വിധേയമായി 6-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം ഇക്വിറ്റി മൂലധനം നൽകാവുന്നതാണെന്നും;

(ഗ) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ബോർഡിനു റിട്ടേണുകൾ ഏതു ഫാറത്തിലും ഏതു സമയത്തുമാണ് നൽകേണ്ടതെന്നും.

23. ***ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.***—ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും ഏതൊരു റഗുലേഷനും, അതുണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിൽ കൂടുതൽ സമ്മേളനങ്ങളിലോ ആയാലും ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ അത് തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ ചട്ടത്തിലോ റഗുലേഷനിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും അതിനുശേഷം, ആ ചട്ടമോ റഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നെങ്കിൽ അതിനുശേഷം, ആ ചട്ടത്തിനും റഗുലേഷനും അതത്സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രഭാവവും ഇല്ലാതിരിക്കുകയും ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിന്റെയോ റഗുലേഷന്റെയോ കീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കുന്നതാണ്.

---

# THE TECHNOLOGY DEVELOPMENT BOARD ACT, 1995

## (ACT No. 44 OF 1995)

## സാങ്കേതികവിദ്യ വികസന ബോർഡ് ആക്റ്റ്, 1995

## (1995-ലെ 44-ാം നമ്പർ ആക്റ്റ്)

### GLOSSARY

| | | | |
|---|---|---|---|
| 1. | Imported technology | ഇറക്കുമതി ചെയ്യപ്പെട്ട സാങ്കേതിക വിദ്യ | Preamble |
| 2. | Indigenous technology | സ്വദേശ സാങ്കേതിക വിദ്യ | Preamble |